ഏജൻസിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി സമർപ്പിച്ച കരട് പ്രൊപ്പോസൽ പ്രകാരം ഇൻഷ്വറൻസ് കമ്പനികൾക്ക് പ്രീമിയം ഇനത്തിൽ ഭീമമായ തുക സർക്കാർ നൽകേണ്ടിവരുമെന്നും കർഷകർക്ക് നഷ്ടപരിഹാരമായി വളരെ കുറഞ്ഞ തുകയേ ലഭിക്കുകയുള്ളൂ എന്നും ആയതിന് സംസ്ഥാനത്തിന് കടുത്ത സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കും എന്നും കണ്ടെത്തിയതിനെത്തുടർന്ന് മറ്റ് ഇൻഷ്വറൻസ് കമ്പനികളിൽനിന്നും പ്രൊപ്പോസൽ ലഭ്യമാക്കി പരിശോധിക്കുകയുണ്ടായി. എന്നാൽ, അവയും തൃപ്തികരമല്ലെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ കഴിയുമോ എന്നകാര്യം പരിശോധിച്ചുവരികയാണ്.

സമഗ്ര പച്ചക്കറി വികസന പദ്ധതി

145 (1514) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഘടകമായ മട്ടുപ്പാവ് കൃഷി വിജയകരമായി നടത്തുന്നതിനായി കർഷകർക്ക് കൃഷിഭവൻവഴി എന്തെല്ലാം സേവനങ്ങൾ നൽകുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇത്തരത്തിൽ കൃഷിചെയ്യുന്ന കർഷകർക്ക് ഗ്രോബാഗ്, വിത്ത്, പച്ചക്കറി തൈകൾ, ജൈവ വളങ്ങൾ, ജീവാണു വളങ്ങൾ എന്നിവ കൃഷിഭവൻ വഴി നൽകുന്നതിന് സംവിധാനം ഉണ്ടോയെന്നു അറിയിക്കുമോ ;

(സി) ബി.പി.എൽ., എ.പി.എൽ. ഭേദമെന്യേ ഇത്തരം സേവനങ്ങൾ കർഷകർക്ക് സൗജന്യ/സബ്സിഡി നിരക്കിൽ നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഘടകമായ മട്ടുപ്പാവ് കൃഷി വിജയകരമായി നടത്തുന്നതിനായി ചുവടെപ്പറയുന്ന സേവനങ്ങൾ കൃഷിഭവനുകൾ മുഖേന നൽകിവരുന്നു. മട്ടുപ്പാവ് കൃഷി ചെയ്യുന്നതിനായി 25 ഗ്രോ ബാഗുകളിൽ മണ്ണ്, ജൈവവളം തുടങ്ങിയവ അടങ്ങിയ പോട്ടിംഗ് മിശ്രിതം നിറച്ച് വിവിധ ഇനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച് കർഷകർക്ക് നൽകുന്നു. 2,000 രൂപ വിലവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗ്രോബാഗുകൾ 1500 രൂപ സബ്സിഡി നിരക്കിലാണ് നൽകുന്നത്. ഗുണഭോക്താവ് 500 രൂപ കൃഷിഭവനിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷങ്ങളിൽ ഈ പദ്ധതിപ്രകാരം നൽകിയ ഗ്രോബാഗുകൾ പുനരുജ്ജീവിപ്പിച്ച് വീണ്ടും കൃഷി യോഗ്യമാക്കുന്നതിന് ആവശ്യമായ വിത്തുകൾ, തൈകൾ, ജൈവ/ജീവാണു വളങ്ങൾ എന്നിവയും കൃഷി ഭവനിൽനിന്ന് നൽകുന്നുണ്ട്. കർഷകർക്ക് കൃഷി സംബന്ധമായ പരിശീലന പരിപാടികളും ലഘുലേഖകളും നൽകുന്നുണ്ട്. വിഷവിമുക്തമായ സുരക്ഷിത പച്ചക്കറി ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ഉണ്ട്.

(സി) ബി.പി.എൽ./എ.പി.എൽ. ഭേദമന്യേ എല്ലാ കർഷകർക്കും ഈ ആനുകൂല്യങ്ങൾ കൃഷി ഭവനിൽ അപേക്ഷ നൽകി കൈപ്പറ്റാവുന്നതാണ്.

അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം

146 (1515) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കർഷകത്തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് പ്രസ്തുത സെന്ററുകൾക്ക് എത്രത്തോളം സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത സെന്ററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അഗ്രോ സർവ്വീസ് സെന്ററുകൾ കാര്യക്ഷമമായി പ്രവർത്തനം ആരംഭിച്ചത് 2013-14 വർഷത്തിലാണ്. സർവ്വീസ് കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ എല്ലാ മാസവും വിലയിരുത്തുകയും പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ അവയെ ഗ്രേഡ് ചെയ്യുകയും ചെയ്യുന്നുണ്ട്.

(ബി) കർഷകത്തൊഴിലാളി ക്ഷാമം പരിഹരിക്കുവാൻ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വളരെയധികം സഹായകരമാണ്. അഗ്രോ സർവ്വീസ്

LIBRARY ARCHIVES Kerala Legislative Assembly